21

# "ഞാനും പിതാവും ഒന്നാകുന്നു"

## (10:22- 42)

ചുരുങ്ങിയ മനോഹരമായ ജീവിതകാലയളവിനുള്ളിൽ, മഹാനായ അലക്സാണ്ടർ ലോകത്തിൽ അറിയപ്പെടുന്ന മിക്ക രാജ്യങ്ങളും കീഴ്പ്പെടുത്തി. ബി.സി. 323-ൽ അദ്ദേഹം മരിച്ചപ്പോൾ, പ്രായം മുപ്പത്തി - മൂന്നു വയസ്സായിരുന്നു, തന്റെ സാമ്രാജ്യം വിശ്വസ്തരായ സൈന്യാധിപന്മാരെ ഏൽപ്പിച്ചു. അവരിൽ ഒരാൾ ആയ, സെലൂക്കസ് I, സുറിയയുടെ ഭരണാധികാരി ആകുകയും, അങ്ങനെ സെലൂസിയ ഭരണം നിലവിൽവരുകയും ചെയ്തു. അനേകവർഷങ്ങൾക്കുശേഷം, അയാളുടെ പിൻഗാമികളിൽ ഒരാളായ, ആന്റിയോക്കസ് എപ്പിഫാനസ്, അധികാരത്തിൽ വരുകയും മിസ്രയിമിനെ കീഴ്പ്പെടുത്തി തന്റെ ആധിപത്യം വിപുലമാക്കുകയും ചെയ്തു. അയാളുടെ മിസ്രയിം വാഴ്ച്ച വിജയകരമായതിനെതുടർന്ന്, ബി.സി. 169-ൽ യെരുശലെമിന് എതിരായി മാർച്ച് ചെയ്തു. അയാൾ അവിടെ എത്തിയപ്പോൾ സാൻചറിയിൽ പ്രവേശിക്കുകയും അവിടെനിന്ന് വിലപിടിപ്പുള്ളതെല്ലാം എടുക്കുകയും ചെയ്തു.[1]

യെഹൂദന്മാരുടെ ദൈവാലയം കൊള്ളയടിച്ചുകൊണ്ട്, എങ്ങനെയായാലും, ആന്റിയോക്കസ് എപ്പിഫാനസിനെ തൃപ്തിപ്പെടുത്താനായില്ല. തന്റെ സാമ്രാജ്യത്തിലെല്ലാവരും അവരുടെ പ്രത്യേക സംസ്കാരങ്ങളും മതങ്ങളും നീക്കികളഞ്ഞു ഏകീകൃതമായ യവനഭാഷ സംസാരിക്കുവാനും യവനസംസ്കാരം എടുത്ത്, യവനമതം പരിശീലിക്കുവാനും ആവശ്യപ്പെട്ടു.[2] ഈ നേട്ടത്തിന്, യെഹൂദന്മാരോട് അവരുടെ ദൈവത്തിന് യാഗം കഴിക്കുന്നത് നിർത്തുവാനും, അവരുടെ മക്കളുടെ പരിഛേദനയും, ശബ്ബത്താചരിക്കുന്നതും നിർത്തുവാൻ കല്പിച്ചു. ദൈവാലയത്തിലെ യാഗപീഠം പന്നിയെ യാഗമർപ്പിച്ച് മലിനമാക്കുകയും (അശുദ്ധമായ മൃഗങ്ങളെ യെഹൂദന്മാർ ഒരിക്കലും ദൈവത്തിന് യാഗം കഴിക്കയില്ല), ന്യായപ്രമാണപുസ്തകങ്ങൾ കണ്ടെടുത്ത് കത്തിച്ചുകളയുകയും ചെയ്തു.[3] യിസ്രായേലിന്റെ ചരിത്രത്തിലെ ഇരുണ്ട നാഴികകളായിരുന്നു അത്:

> ആ കല്പനയനുസരിച്ച്, അവരുടെ മക്കളെ പരിഛേദന കഴിക്കുന്ന അമ്മമാരെയും അവരുടെ കുടുംബാംഗങ്ങളേയും മരണത്തിനേൽപ്പിക്കയും ചെയ്തു; അമ്മമാരുടെ പക്കൽനിന്ന് ശിശുക്കളെ വലിച്ചെടുത്ത് തൂക്കിലേറ്റി. എന്നാൽ യിസ്രായേലിൽ പലരും ഉറച്ചു നിൽക്കയും അവരുടെ ഹൃദയത്തിൽ മലിനാഹാരം എടുക്കാതിരിക്കയും ചെയ്തു. മലിനമായ ആഹാരം കഴിച്ച് വിശുദ്ധ കല്പനയെ ലംഘിക്കുന്നതിനെക്കാൾ അവർ മരണം സ്വീകരിക്കുകയും; അവർ മരിക്കുകയും ചെയ്തു. അങ്ങനെ എല്ലാവിധ ക്രോധവും യിസ്രായേലിൽ വന്നു.[4]

**"ഉറച്ചുനിന്ന"** യെഹൂദന്മാരിൽ ഒരു പുരോഹിതനായിരുന്നു മറ്റാത്തിയാസ്. അയാളും അയാളുടെ അഞ്ചു മക്കളും ആന്റിയോക്കസ് എപ്പിഫാനസിന്റെ കല്പനകൾ എതിർക്കുകയും മലമുകളിലേക്കു ഓടിപോകുകയും ചെയ്തു. ഉടനെ രാജ്യം മുഴുവനുമുള്ള ആളുകൾ ഇതേപോലെ ഓടി ഒത്തുചേർന്നു സുറിയയോടു യുദ്ധത്തിനായി ഒരുങ്ങി. ബി.സി. 167–ൽ മറ്റാത്തിയാസ് മരിച്ചപ്പോൾ, അയാളുടെ മകൻ യൂദാമക്കാബിയസ് ആ വിപ്ളവ സംഘത്തിന്റെ നേതാവായി. അയാളുടെ നേതൃത്വത്തിൽ, ആദ്യമൊക്കെ അല്പം വീഴ്ച്ചയുണ്ടായെങ്കിലും സുറിയക്കാരെ പുറത്താക്കി, അവരുടെ ദേശവും ദൈവാലയവും കൈവശമാക്കി. സുറിയക്കാരെ പൂർണ്ണമായി യെരുശലേമിൽ നിന്നു തുരത്തിയപ്പോൾ, അവരുടെ ആദ്യ ലക്ഷ്യം ആന്റിയോക്കസ് അന്തിപ്പാസ് അശുദ്ധമാക്കിയ ദൈവാലയശുദ്ധീകരണം ആയിരുന്നു. **"**പിന്നെ യൂദാസും അയാളുടെ സഹോദരന്മാരും പറഞ്ഞു, 'ഇതാ, നമ്മുടെ ശത്രുക്കളെ നാം ചതച്ചരച്ചിരിക്കുന്നു; നമുക്കു പോയി വിശുദ്ധ സ്ഥലം ശുദ്ധീകരിക്കയും അതിനെ പ്രതിഷ്ഠിക്കയും ചെയ്ക' "[5] ദൈവാലയത്തിന്റെ ശുദ്ധീകരണവും പ്രതിഷ്ഠയും പൂർത്തിയാക്കി കഴിഞ്ഞപ്പോൾ, ആ ദൈവാലയ പ്രതിഷ്ഠ എട്ടുദിവസം നീണ്ടു നില്ക്കുന്ന ഒരു ഉത്സവം വർഷത്തിലൊരിക്കൽ ആഘോഷിക്കുവാൻ യൂദാസും അയാളുടെ സഹോദരന്മാരും തീരുമാനിച്ചു. ഈ പ്രതിഷ്ഠോൽസവം അവരുടെ വിജയിപ്പ് യിസ്രായേൽ ഓർമ്മിക്കുന്നതും ദൈവത്തിനു പുനഃപ്രതിഷ്ഠ ഓർമ്മിക്കുന്നതുമായി. ഇന്നു യെഹൂദ ജനത്തിനു ആ പെരുനാൾ അറിയപ്പെടുന്നതു ഹനൂക്കാ എന്നാണ്.

ആദ്യ പ്രതിഷ്ഠോൽസവം കഴിഞ്ഞ് ഏതാണ്ടു ഇരുനൂറു വർഷങ്ങൾക്കുശേഷം, ആ ആഘോഷത്തിൽ പങ്കുചേരുവാൻ യേശു യെരുശലേമിൽ ചെന്നു. ആ സന്ദർഭത്തിൽ താൻ ആരാണെന്നും വന്നതെന്തിനാണെന്നും അവൻ ധൈര്യത്തോടെ വ്യക്തമാക്കി. യോഹന്നാൻ 10 ന്റെ ആരംഭത്തിലേതുപോലെ, യേശു കൂടുതൽ സംസാരിക്കുന്തോറും, സാഹചര്യം കൂടുതൽ സമ്മർദ്ദമുള്ളതായിമാറി. തന്റെ കേൾവിക്കാർ തന്നെക്കുറിച്ചു ഒരു തീരുമാനത്തിലെത്തുവാൻ അവൻ കേൾവിക്കാരെ നിർബന്ധിച്ചു. ചിലർ വിശ്വസിച്ചു, എന്നാൽ മറ്റു ചിലർ – പ്രാഥമികമായി യെഹൂദ പ്രമാണിമാർ – വിശ്വസിച്ചില്ല, എന്നാൽ അവൻ ഓരോ വാക്ക് പറയുന്തോറും, അവരിൽ കോപം കൂടിക്കൂടി വന്നു. ഈ വേദ

ഭാഗത്തിലെ എതിരിടൽ രേഖപ്പെടുത്തിയിരിക്കുന്നതു, 10:22-42 യേശുവിന്റെ എതിരാളികളോടു അവൻ പ്രതികരിച്ചപ്പോൾ അവർ അവനെ തിരെ എടുത്ത മൂന്നു ഭീഷണിപ്രവൃത്തികൾ ഉൾപ്പെടുത്തിയിരിക്കുന്നു.

**അവർ അവന്നു ചുറ്റും കൂടി**
**(10:22-30)**

യേശു ദൈവാലയ ഭാഗമായ ശലോമോന്റെ മണ്ഡപത്തിനരികിൽ കൂടെ നടന്നുവന്നപ്പോൾ, "യെഹൂദന്മാർ അവനെ വളഞ്ഞു" (10:24). ഈ സമയത്തെ നല്ല തർജ്ജിമ "യെഹൂദന്മാർ അവനെ ചുറ്റിവളഞ്ഞു" എന്നായിരിക്കാം. "വളഞ്ഞു" എന്നതിനു ഇവിടെ ഉപയോഗിച്ച ഗ്രീക്ക് വാക്ക് പുതിയ നിയമത്തിൽ നാലുപ്രാവശ്യമേ ഉള്ളൂ.[6] അവയിൽ രണ്ടു പ്രാവശ്യവും അതു ഉപയോഗിച്ചിരിക്കുന്നതു മതിലുള്ള ഒരു പട്ടണത്തെ സൈന്യം വളഞ്ഞു കീഴ്പ്പെടുത്തുന്നതിനാണ്. തന്റെ അസ്ഥികളിൽ നിന്നു മാംസം പറിച്ചു കീറുവാൻ വരുന്ന കഴുകന്മാരെപ്പോലെ ആയിരുന്നു യേശുവിനു ചുറ്റും വളഞ്ഞ അവന്റെ യെഹൂദ എതിരാളികൾ. സ്നേഹിതന്മാർ ചുറ്റും കൂടുന്ന സുഖകരമായ അവസ്ഥയായിരുന്നില്ല അത്; അതു തന്റെ മോശമായ ശത്രുക്കൾ വളഞ്ഞ ഭീതി ജനകമായ അവസ്ഥയായിരുന്നു!

യേശു, ക്രിസ്തു ആണോ അല്ലയോ എന്നു പറയുവാൻ യെഹൂദ പ്രമാണിമാർ അവനെ നിർബന്ധിച്ചുകൊണ്ടിരുന്നു. അവർ അവനെ വളഞ്ഞു അവനോടു ചോദിച്ചുകൊണ്ടിരുന്നു,[7] "നീ എത്രത്തോളം ഞങ്ങളെ ആശിപ്പിക്കുന്നു? നീ ക്രിസ്തു എങ്കിൽ, സ്പഷ്ടമായി പറക എന്നവൻ പറഞ്ഞു" (10:24). യേശുവിനും അവനെ നശിപ്പിക്കുവാൻ ശ്രമിച്ചവർക്കും ഇടയിൽ പിരിമുറുക്കം ഏറി വന്നു.

ഒറ്റ നോട്ടത്തിൽ യേശു അവരുടെ ചോദ്യത്തിനു നേരിട്ടു ഉത്തരം നല്കുമെന്നു തോന്നാം. എങ്ങനെയായാലും, ചില ചോദ്യങ്ങൾക്കു നിസാരമായി "ഉവ്വ്" അല്ലെങ്കിൽ "ഇല്ല" എന്നു ഉത്തരം പറയുവാൻ സാധ്യമല്ല. അവരുടെ ചോദ്യം ഏതാണ്ടു ചിലർ "നീ കള്ളം പറയുന്നതു നിർത്തിയോ?" എന്നു ചോദിക്കുന്നതുപോലെ ആയിരുന്നു. നിങ്ങൾ "ഉവ്വ്" എന്നു ഉത്തരം പറഞ്ഞാൽ, നിങ്ങൾ മുൻപു നുണ പറഞ്ഞിരുന്നു എന്നു സമ്മതിക്കയാണ്. നിങ്ങൾ "ഇല്ല," എന്നുത്തരം പറഞ്ഞാൽ, നിങ്ങൾ തുടർന്നും കള്ളം പറയും എന്നു സമ്മതിക്കുന്നു! അത്തരം ചോദ്യത്തിനു നിസാരമായി "ഉവ്വ്" അല്ലെങ്കിൽ "ഇല്ല" എന്നു ഉത്തരം പറയാവുന്നതല്ല. "ക്രിസ്തു" വിനെക്കുറിച്ചു യേശുവിന്റെ കാലത്തു, ആളുകൾ വ്യത്യസ്തമായാണ് മനസ്സിലാക്കിയിരുന്നത്. യേശു, "അതെ ഞാൻ ക്രിസ്തുവാണ്," എന്നു പറഞ്ഞാൽ "ക്രിസ്തു" വിനെ പ്രതീക്ഷിച്ചിരിക്കുന്ന ആളുകൾ ഭയങ്കരമായി തെറ്റിദ്ധരിക്കുവാനിടയാകും, അവരുടെ പ്രതീക്ഷ, അവൻ ദാവീദിനെപോലെ അല്ലെങ്കിൽ ശലോമോനെ പോലെ ശക്തനായ ഒരു രാജാവായിരുന്നു. അവൻ "അല്ല," എന്നു പറഞ്ഞാൽ, അവൻ തന്നെക്കുറിച്ചുള്ള സത്യത്തെ നിഷേധിക്കുകയായിരിക്കും. യേശു നല്കിയ ഉത്തരം സത്യാന്വേഷികൾക്കു പ്രയോജനപ്പെടുന്നതും എതിരാളികൾക്കു അവനെതിരെ ഒന്നും

ചെയ്യാൻ കഴിയാത്തതുമായിരുന്നു. മുൻപു യോഹന്നാൻ 10-ൽ ആലങ്കാരികമായി ഇടയനും ആടും എന്നുപയോഗിച്ചതുപോലെ, യേശു പറഞ്ഞു, "എന്റെ ആടുകൾ എന്റെ ശബ്ദം കേൾക്കുകയും, ഞാൻ അവയെ അറിയുകയും, അവ എന്നെ അനുഗമിക്കയും ചെയ്യുന്നു" (10:27).

മറ്റൊരു സമയത്തു, യേശു പറഞ്ഞതു ആളുകൾ വാസ്തവത്തിൽ "ചോദിക്കുകയും, അന്വേഷിക്കുകയും, മുട്ടുകയും," ചെയ്യുകയാണെങ്കിൽ, "ലഭിക്കുകയും, കണ്ടെത്തുകയും, വാതിൽ തുറക്കപ്പെടുകയും" ചെയ്യും (മത്തായി 7:7, 8). വിശ്വാസത്തിൽ ബുദ്ധി ഉൾപ്പെടുന്നുണ്ട്, പക്ഷെ അതിലും കൂടുതൽ അതിൽ ഉൾപ്പെട്ടിട്ടുണ്ട്. വിശ്വാസ വളർച്ചയ്ക്കു അനുസരണ മനോഭാവവും തുറന്ന ഹൃദയവും ആവശ്യമാണ്.

അടുത്തത്, വിമർശകരും, ദേഷ്യപ്പെട്ടവരുമായ യെഹൂദപ്രമാണിമാർ, യേശു പറഞ്ഞതു കേട്ടു അധികം കോപാകുലരായി. അവൻ പറഞ്ഞു, "ഞാനും പിതാവും ഒന്നാകുന്നു" (10:30). "ഒന്നു" എന്നു ഈ വാകൃത്തിൽ പറഞ്ഞിരിക്കുന്നതു "ഒരു കാര്യം" എന്നാണ്,[8] അതു സൂചിപ്പിക്കുന്നത് യേശുവും പിതാവും ഐക്യതയിലാണ് എന്നത്രേ. വീണ്ടും യേശു തന്റെ ദൈവികത്വത്തെ ധൈര്യമായി പ്രസ്താവിക്കുകയാണ്, താൻ ദൈവപുത്രനാണ് എന്നായിരുന്നു അവൻ അവകാശപ്പെട്ടത്. അവൻ എതിരാളികളാൽ വളയപ്പെട്ടിരുന്നെങ്കിലും, തന്റെ വ്യക്തിത്വത്തെക്കുറിച്ചുള്ള സത്യത്തിൽ നിന്നു അവൻ പിൻവാങ്ങിയില്ല.

### അവർ കല്ലുകൾ എടുത്തു
### (10:31-38)

താനും പിതാവും ഒന്നു എന്നു യേശു പറഞ്ഞതു യെഹൂദപ്രമാണിമാർക്കു സഹിക്കാവുന്നതിലും അപ്പുറമായിരുന്നു. അവർ കല്ലുകൾ പെറുക്കുവാൻ തുടങ്ങി (10:31), ദൈവാലയത്തിൽ വെച്ചുതന്നെ അവനെ കല്ലെറിയത്തക്ക കോപത്തിലായി അവർ! യേശുവിന്റെ വാക്കുകൾ ദൈവദൂഷണമായി അവർ കരുതുകയും, അതുകൊണ്ടു അവർ ചെയ്യുന്ന പ്രവൃത്തി ന്യായീകരിക്കത്തക്കതാണെന്നും അവർ വിശ്വസിച്ചു. യേശുവിന്റെ എതിരാളികളുടെ കയ്യിൽ കല്ലുകൾ ഉണ്ടായിരുന്നെങ്കിലും, അവൻ ദൈവപുത്രൻ ആണെന്ന സത്യം സ്ഥാപിച്ചുകൊണ്ടേയിരുന്നു.

അവരുടെ വിരോധം മൂത്തപ്പോൾ, യേശു തന്റെ എതിരാളികളോടു പറഞ്ഞു, "പിതാവിന്റെ കല്പനയാൽ ഞാൻ പല നല്ല പ്രവൃത്തികൾ നിങ്ങളെ കാണിച്ചിരിക്കുന്നു; അവയിൽ ഏതു പ്രവൃത്തി നിമിത്തം നിങ്ങൾ എന്നെ കല്ലെറിയുന്നു?" (10:32). അവർ അതിനു നല്ല പ്രവൃത്തികൾ നിമിത്തം അല്ല, ദൈവദൂഷണം നിമിത്തവും നീ മനുഷ്യനായിരിക്കെ നിന്നെത്തന്നെ ദൈവം ആക്കുന്നതുകൊണ്ടുമത്രേ എന്നു പറഞ്ഞു. യേശു പറഞ്ഞതിന്റെ അർത്ഥം ചുരുങ്ങിയതു യെഹൂദ പ്രമാണിമാർ മനസ്സിലാക്കി. അവർ പറഞ്ഞു, "... നീ, ഒരു മനുഷ്യൻ ആയിരിക്കെ നിന്നെത്തന്നെ ദൈവം ആക്കുന്നു" (10:33). യേശു വെറുമൊരു

മനുഷ്യൻ മാത്രമായിരുന്നെങ്കിൽ അവൻ പറയുന്നതു വാസ്തവം ആകുമായിരുന്നു. എങ്ങനെയായാലും, അവൻ ദൈവപുത്രൻ ആയതുകൊണ്ടു, അവനു അങ്ങനെ അവകാശപ്പെടാം.

സങ്കീർത്തനങ്ങൾ 82:6 ലെ വാക്കുകൾ തന്റെ എതിരാളികൾക്കു വെല്ലുവിളിയായി നല്കുന്നു, അവിടെ സങ്കീർത്തനക്കാരൻ എഴുതിയതു, " 'നിങ്ങൾ ദേവന്മാർ' എന്നു ഞാൻ പറയുന്നു." കഴിഞ്ഞ കാലത്ത് തിരുവെഴുത്തിനു മുൻപു ഇതു ഉപയോഗിച്ചിട്ടുണ്ട് എന്നു അവൻ വിലയിരുത്തി, അതുകൊണ്ടു താൻ ആ ഭാഷ ഉപയോഗിച്ചതു തെറ്റല്ല എന്നു പറഞ്ഞു. അതുമല്ല, അവൻ പറഞ്ഞു, "ഞാൻ പിതാവിനാൽ ശുദ്ധീകരിച്ചു ലോകത്തിലേക്കു അയക്കപ്പെട്ടവൻ" (10:36).

തന്നെക്കുറിച്ചുള്ള സത്യം കർക്കശമായി പ്രഖ്യാപിക്കുന്നവനായിട്ടാണ് യേശുവിനെ യോഹന്നാൻ അവതരിപ്പിച്ചത്. ആളുകൾ കോപാകുലരായി കൈകളിൽ കല്ലുകളുമായിട്ടാണ് നിന്നിരുന്നതെങ്കിലും, അവൻ തന്റെ പോയിന്റിൽ ഉറച്ചുനിന്നു. തന്റെ പ്രവൃത്തികൾ നോക്കി, അതു പിതാവിന്റേതോ എന്നു പരിശോധിക്കുവാൻ അവൻ പറഞ്ഞു. താൻ പിതാവിന്റെ പ്രവൃത്തികൾ ചെയ്യുന്നതുകൊണ്ടു, തന്നെ വിശ്വസിക്കണമെന്നു പറഞ്ഞുകൊണ്ടു "പിതാവു എന്നിലും ഞാൻ പിതാവിലും വസിക്കുന്നു" എന്നവൻ പറഞ്ഞു (10:38). അന്നു അവിടെ ദൈവാലയത്തിൽകൂടി നിന്നവർക്കു അവയുടെ എല്ലാം അർത്ഥം വ്യക്തമായി; യേശു ദൈവപുത്രനാണെന്നു അവൻ വീണ്ടും അവകാശപ്പെട്ടു! പുരുഷാരം അവനെ കല്ലെറിയുമെന്ന ഭീഷണിക്കൊന്നും സത്യം പ്രസംഗിക്കുന്നതിൽ നിന്നു അവൻ പിൻതിരിഞ്ഞില്ല.

### അവർ പിന്നെയും അവനെ
### പിടിപ്പാൻ നോക്കി (10:39-42)

യേശുവിന്റെ എതിരാളികൾ അവനെ പിടിപ്പാൻ നോക്കി, എന്നാൽ അവൻ ഒഴിഞ്ഞുപോകയും പിന്നീട് മറ്റൊരു മത്സരത്തെ യെഹൂദ പ്രമാണിമാരെ "വിജയിക്കുകയും" ചെയ്യുന്നു: തന്റെ ജീവൻ തന്റെ സമയത്തുവെച്ചു കൊടുക്കുമെന്നു യേശു തുടർച്ചയായി അറിയിച്ചുകൊണ്ടിരുന്നു; അല്ലാതെ അവന്റെ എതിരാളികൾ വിചാരിക്കുന്നതുപോലെ അവനെ പിടിപ്പാൻ കഴിയുകയില്ല (10:17, 18). എങ്ങനെ യേശു അതു ചെയ്തു എന്നു നമ്മോടു പറഞ്ഞില്ല, എന്നാൽ എങ്ങനെയോ അവൻ "അവരുടെ കയ്യിൽ നിന്നു ഒഴിഞ്ഞുപോയി" (10:39).

ദൈവാലയത്തിലെ എതിരിടലിനുശേഷം, യേശു യോർദ്ദാൻ നദി കടന്നു, യോഹന്നാൻ സ്നാപകൻ ശക്തമായി പ്രസംഗിച്ച സ്ഥലത്തെത്തി. ആ സമയം ആയപ്പോഴേക്കും, തന്റെ യെരുശലേമിലെ പരസ്യ ശുശ്രൂഷ മിക്കവാറും പൂർത്തിയായി. അവന്റെ അവകാശങ്ങൾ എല്ലാം ഉന്നയിച്ചു, പോരാട്ടത്തിനുള്ള മാർഗ്ഗരേഖയുണ്ടായി. ജനങ്ങൾ രണ്ടായി ഭാഗിക്കപ്പെട്ടു. ചിലർക്കു അവൻ ദൈവപുത്രനും, മറ്റുള്ളവർക്കു അവൻ നരകത്തിൽ നിന്നുവന്ന പിശാചുമായി.

യോർദ്ദാനരികെ യേശുവിന്റെ അടുക്കലേക്കു ധാരാളം ആളുകൾ വന്നു. അവർക്കു വിശ്വാസം ഉണ്ടായിരുന്നതുകൊണ്ടാണ് വന്നതു.

അവർ പറഞ്ഞു, "യോഹന്നാൻ അടയാളം ഒന്നും ചെയ്തിട്ടില്ല; എന്നാൽ ഇവനെക്കുറിച്ചു യോഹന്നാൻ പറഞ്ഞതു ഒക്കെയും സത്യം ആയിരുന്നു എന്നു പറഞ്ഞു" (10:41). യേശുവിൽ നിന്നു വ്യത്യസ്തമായി, യോഹന്നാൻ അടയാളം ഒന്നും ചെയ്തില്ല, യേശു ധാരാളം അടയാളങ്ങൾ പ്രവർത്തിച്ചു എന്ന സൂചന നല്കുന്നു. വാക്യം 41-ൽ അദ്ധ്യായം 10-ൽ യോഹന്നാൻ ആദ്യമായാണ് "അടയാളം" എന്ന വാക്ക് ഉപയോഗിച്ചതു എന്നതു പ്രാധാന്യമർഹിക്കുന്നു. മുൻപു ഈ അദ്ധ്യായത്തിൽ, യേശുവിന്റെ അത്ഭുതങ്ങളെ "പ്രവൃത്തികൾ" എന്നാണ് പറഞ്ഞത്,[9] കാരണം, അവ കണ്ടവരിൽ വിശ്വാസം പുറപ്പെട്ടില്ല. എങ്ങനെയായാലും, വാക്യം 41-ൽ വിശ്വാസത്തെ വിവരിച്ച ഭാഗത്തു "അടയാളം" പ്രത്യക്ഷമാകുന്നു.

അദ്ധ്യായം 10 ലെ സംഭവങ്ങളുടെ അവസാനം "അവിടെ പലരും അവനിൽ വിശ്വസിച്ചു" (10:42). അമ്പതുവർഷം പൂർത്തിയാക്കിയ ദമ്പതികൾ അവരുടെ ജീവിതത്തിലേക്കു തിരിഞ്ഞു നോക്കി "ഞാൻ നിന്നെ സ്നേഹിക്കുന്നു" എന്ന വാക്കിന്റെ വ്യത്യസ്തമായ അർത്ഥങ്ങൾ അയവിറക്കാൻ സാധിക്കുന്നതുപോലെ, യോഹന്നാന്റെ സുവിശേഷം പറയുന്ന "പലരും വിശ്വസിച്ചു" എന്നതിനു വ്യത്യസ്തമായ അർത്ഥങ്ങൾ ഉണ്ടെന്നു യേശുവിന്റെ വെളിപ്പെടുത്തലിൽ നിന്നു തിരിച്ചറിയാൻ കഴിയും.

യോഹന്നാന്റെ സുവിശേഷത്തിൽ ഈ സമയം ആയപ്പോഴേക്കും, യേശുവിൽ വിശ്വസിച്ചവർ യേശുവിലുള്ള വിശ്വാസത്തിൽ, യേശു, ക്രിസ്തുവാണ്, ദൈവപുത്രനാണ് എന്നതു *അടങ്ങിയിരിക്കുന്നു* എന്നു മനസ്സിലാക്കി. ആ വിശ്വാസത്തിന്റെ *വില* പോരാട്ടം, ഭിന്നത, മരണഭീഷണിപോലും വന്നേക്കാം എന്നും അവർ മനസ്സിലാക്കി. ഈ അദ്ധ്യായത്തിന്റെ അവസാനം, മരുഭൂമിയിലെ ഭ്രഷ്ടരാക്കപ്പെട്ടവരിൽ നാം അതു കാണുന്നു, അവർ അവനെ വിശ്വസിച്ചു അനുഗമിച്ചവരായിരുന്നു.

വിശ്വാസം എത്രമാത്രം പരുഷവും വിലയുമുള്ളതാണെന്നു യോഹന്നാൻ അവതരിപ്പിക്കുമ്പോൾ, അവന്റെ സന്ദേശം, അതേ സമയം, പ്രോത്സാഹനവും നല്കുന്നതാണ്. നാം ക്രിസ്തുവിലുള്ള വിശ്വാസികൾ ആകുമ്പോൾ നാം എതിർക്കപ്പെടും എന്നു നാം അറിയുവാൻ അവൻ ആഗ്രഹിക്കുന്നു. എങ്ങനെയായാലും, നമ്മുടെ ആത്മാക്കളെ ചവുട്ടിമെതിക്കുകയോ നമ്മെ അതിശയിപ്പിക്കയോ ചെയ്യുകയില്ല. അതിലുപരിയായി, നാം സത്യത്തിനു വേണ്ടി വിശ്വാസത്തിൽ നില്ക്കുവാൻ യേശുവിന്റെ മാതൃക നമുക്കുണ്ട് - ഉപദ്രവിക്കപ്പെടുമ്പോഴും. അക്രമികളായ എതിരാളികളോടുള്ള യേശുവിന്റെ സ്ഥിരമായ പ്രതികരണം സത്യം സംസാരിക്കുക എന്നതായിരുന്നു, നാമും അതുതന്നെ ചെയ്യണം.

## ഉപസംഹാരം

ഈ സംഭവം അത്രയും നടക്കുന്നതു പ്രതിഷ്ഠോൽസവ നാളുകളിലായിരുന്നു. വിരോധാഭാസമായി, ദൈവം തന്റെ ജനത്തെ വിടുവിച്ചതിനെ ആഘോഷിക്കുന്ന പെരുന്നാളിൽ വന്ന യേശുവിനെ, ആളു

കൾ ദൈവദൂഷണം പറയുന്ന ദുഷ്ടനായി കണക്കാക്കി. യെഹൂദപ്രമാണിമാർ അവനെ കണ്ടതു നികൃഷ്ടനായ മതനിന്ദകനായിട്ടാണ്. യേശു ഉടനെ ക്രൂശിലേക്കു പോയി വാസ്തവത്തിലുള്ള വിടുതൽ നല്കുമെന്നു അവർ തിരിച്ചറിഞ്ഞില്ല. ആളുകളുടെ ശുദ്ധീകരണത്തിനു – മൃഗരക്തമല്ല – യേശുവിന്റെ തന്നെ രക്തം ചിന്തുമെന്നു അവർ തിരിച്ചറിഞ്ഞില്ല. ആ ദിവസം അവർ കൊല്ലുവാൻ നോക്കിയതു പാപമില്ലാത്ത, കറ പുരളാത്ത ദൈവകുഞ്ഞാടിനെ ആണെന്നു അവർ തിരിച്ചറിഞ്ഞില്ല. ഇന്നു, നാം എവിടെ നില്ക്കുന്നുവോ, അവിടെനിന്നു, അവ സുവിശേഷത്തിന്റെ കാതൽ ആണെന്നു നമുക്ക് അറിയാം!

---

കുറിപ്പുകൾ

[1]1 മക്കാ. 1:21. രണ്ടു അപ്പോക്രിഫാ പുസ്തകങ്ങൾ എഴുതപ്പെട്ടതു ഏതാണ്ടു ബി.സി. 100 ലാണ്, അതിൽ പഴയനിയമകാലയളവിനും പുതിയ നിയമത്തിനും ഇടയ്ക്കുള്ള കാലയളവിൽ സംഭവിച്ചതാണ്. പാലസ്തീനിലെ യെഹൂദ മതത്തെ അടിച്ചൊതുക്കുന്നതും സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള യെഹൂദന്മാരുടെ ബി.സി. 166–40 പോരാട്ടവുമാണ് രണ്ടു പുസ്തകങ്ങളിലും ഉള്ളത്. [2]1 മക്കാ. 1:41. [3]1 മക്കാ. 1:56. [4]1 മക്കാ. 1:60–64. [5]1 മക്കാ. 4:36. [6]ലൂക്കൊസ് 21:20; യോഹന്നാൻ 10:24; പ്രവൃത്തികൾ 14:20; എബ്രായർ 11:30. [7]"ചോദിച്ചുകൊണ്ടിരുന്നു" എന്നതു അപൂർണ്ണ ക്രിയയാണ് അർത്ഥമാക്കുന്നത്. [8]ഗ്രീക്ക് വേദപുസ്തകത്തിൽ ലിംഗം നപുംസകമാണ്. [9]ഗ്രീക്കു വാക്കായ *എർഗോൺ* ആണ് 10:25, 32, 38–ൽ ഉപയോഗിച്ചിരിക്കുന്നത്. ഈ പുസ്തകത്തിൽ ആദ്യം ഉള്ള "ഒരു കല്യാണം ഉണ്ടായിരുന്നു" എന്ന പാഠത്തിൽ വിവരിച്ച "അടയാളങ്ങൾ" എന്നതു നോക്കുക.

© 2009 Truth for Today